പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 178 — 06.07.2015-ലെ മറുപടിക്ക്

## ജയിൽ സൗകര്യക്കുറവ്

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

ശ്രീ.റ്റി.എ.അഹമ്മദ് കബീർ

ശ്രീ.സി.മമ്മൂട്ടി

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരെ പാർപ്പിക്കുന്നതിനുള്ള സ്ഥല സൗകര്യക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) സംസ്ഥാനത്തെ മുഴുവൻ ജയിലുകളുടെയും അംഗീകൃത പാർപ്പിട ശേഷി 6217 ആണ്. എന്നാൽ 08.06.2015-ലെ കണക്ക് പ്രകാരം റിമാൻഡ് തടവുകാർ ഉൾപ്പെടെ 6961 പേരാണ് എല്ലാ ജയിലുകളിലുമായി ഉള്ളത്. |
| ബി) എങ്കിൽ അതിനു പരിഹാരമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി അഞ്ച് പുതിയ ജയിലുകളുടെ നിർമ്മാണം നടന്നുവരുന്നു.<br>1) അതീവ സുരക്ഷാ ജയിൽ, വിയ്യൂർ<br>2) സെൻട്രൽ ജയിൽ, തവനൂർ<br>3) ജില്ലാ ജയിൽ, മുട്ടം<br>4) ജില്ലാ ജയിൽ, പാലക്കാട്<br>5) സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട |
| (സി) കൂടുതൽ ജയിലുകൾ സ്ഥാപിക്കുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ; ആദ്യ കുറ്റവാളികളിൽ ചെറിയ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവരെ നല്ല നടപ്പ് ശിക്ഷ നൽകി ജയിൽ ശിക്ഷയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) നിയമപ്രകാരമുള്ള സ്ഥലസൗകര്യം (Living Space) തടവുകാർക്ക് നൽകേണ്ടതുണ്ട്. അപ്രകാരം, തടവുകാരുടെ ബാഹുല്യം (over crowding) കുറയ്ക്കുന്നതിന്റെ ഭാഗമായാണ് പുതിയ 5 ജയിലുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ചെറിയ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവർക്ക് നല്ല നടപ്പുശിക്ഷ നൽകി ശിക്ഷയിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കോടതികളാണ് തീരുമാനമെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ